താമസം പലപ്പോഴും പത്തു വർഷത്തിലധികമാകാറുണ്ട്. ചിലവയ്ക്ക് ഇതിനിടയിൽ അനുമതി നിഷേധിക്കാറുമുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ ജല വൈദ്യുത പദ്ധതികൾക്ക് മാത്രമായി സാധിക്കില്ല. അതിനാൽ താപനിലങ്ങളിൽ നിന്നുള്ള വൈദ്യുതി കൂടി ലഭ്യമാക്കേണ്ടിയിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) വൈദ്യുതോത്പാദനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി നാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

1. പാലക്കാട് ജില്ലാ പഞ്ചായത്ത് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി 1 മെഗാവാട്ട് - 2.7 മില്യൻ യൂണിറ്റ്

2. കണ്ണൂർ ജില്ലാ പഞ്ചായത്ത് കലങ്കി പദ്ധതി 1 മെഗാവാട്ട് - 2.7 മില്യൻ യൂണിറ്റ്.

3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് അരിപ്പാറ 3. മെഗാവാട്ട് -8.77 മി. യൂണിറ്റ്.

4. മലപ്പുറം ജില്ലാ പഞ്ചായത്ത് അടിയൻപാറ - 1.5 മെഗാവാട്ട് - 7.3 മില്യൻ യൂണിറ്റ്.

131 (2509) വൈദ്യുതി ബോർഡിലെ റവന്യൂ കമ്മി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി:
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡിൽ റവന്യൂ കമ്മിയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര രൂപയാണ് അധിക വരുമാനമുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന റവന്യൂ വരവും റവന്യൂ ചെലവുകളും എത്രയെന്നു വ്യക്തമാക്കാമോ;

(സി) 15-5-1999-ലെ വൈദ്യുതി നിരക്കു വർദ്ധനവുകൊണ്ട് ബോർഡു പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 15-5-1999-ലെ വൈദ്യുതി നിരക്കുവർദ്ധനവിനെ ചോദ്യം ചെയ്തുകൊണ്ട് എത്ര കേസ്സുകൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഗവൺമെന്റിന് അറിവുണ്ടോ എങ്കിൽ എത്ര; കേസ്സിലെ പ്രധാന വാദമുഖങ്ങൾ എന്തെല്ലാമാണെന്നും ആരെല്ലാമാണ് കേസ് കൊടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 ലെ ബോർഡിന്റെ വാർഷിക കണക്കുകൾ പൂർത്തിയായിട്ടില്ല. 1998-99 ലെ ബോർഡിന്റെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 160.22 കോടി രൂപയുടെ റവന്യൂ കമ്മി ബോർഡിന് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999-2000 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2223.79 കോടി രൂപയുടെ റവന്യൂ വരവാണ് പ്രതീക്ഷിക്കുന്നത്. 1999-2000 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ ചെലവായി കണക്കാക്കിയിരിക്കുന്നത് 2276.45 കോടി രൂപയാണ്.

(സി) 15-5-99-ലെ താരിഫ് പരിഷ്ക്കരണം കൊണ്ട് പ്രതീക്ഷിച്ചിരുന്ന അധിക വരുമാനം പ്രതിവർഷം 492 കോടി രൂപയാണ്. എന്നാൽ എച്ച് ടി/ഇ എച്ച് ടി വ്യവസായങ്ങൾക്ക് 5 ശതമാനം ഇളവ് നൽകിയതുകൊണ്ടും. ചെറുകിട ഹോട്ടലുകൾ, ബങ്കുകൾ ഇവയുടെ കണ്ടക്ടഡ് ലോഡിന്റെ പരിധി 500 വാട്ട്സിൽനിന്നും 1000 വാട്ട് ആയി ഉയർത്തിയതുകൊണ്ടും അവരുടെ 100 യൂണിറ്റിന് മുകളിലുള്ള ഉപഭോഗത്തിന് ഒരു യൂണിറ്റിന് എനർജി ചാർജ്ജ് 465 പൈസയിൽനിന്നും 430 പൈസ ആക്കിയത് കൊണ്ടും പ്രതീക്ഷിച്ചിരുന്ന അധികവരുമാനത്തിൽ ഏകദേശം മുപ്പതു കോടി രൂപയോളം കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്.

(ഡി) 2 കേസ്സുകൾ

(1) സാജൻ കോലാത്ത്, മാത്തൻ മുതൽ പേർ വാദിയായി ഫയൽ ചെയ്ത ഒ.പി. 13406/99

(2) വി.വി. കുഞ്ഞുക്കുട്ടൻ വാദിയായി ഫയൽ ചെയ്ത ഒ.പി. 13422/99. മേൽ കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

132 (2510) വൈദ്യുതി ബോർഡിലെ സാമ്പത്തിക അച്ചടക്കം

ശ്രീ. കെ. സുധാകരൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സി.കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സാമ്പത്തിക അച്ചടക്കം ഉണ്ടാക്കുവാനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനെപ്പറ്റി പഠിക്കുന്നതിനും ഗവൺമെന്റ് ഒരു സമിതിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഗവൺമെന്റ് നിയമിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാം;

(ഡി) ഈ ശുപാർശകൾ നടപ്പാക്കിയോ; എങ്കിൽ എന്തെല്ലാം ശുപാർശകളാണ് നടപ്പാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) ഇല്ല. റിപ്പോർട്ട് തയ്യാറായി വരികയാണ്.

133 (2511) ലാഭകേന്ദ്രങ്ങളുടെ കർമ്മ സമിതി യോഗങ്ങളിൽ വിദേശീയർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പാലോട് രവി:

LIBRARY ARCHIVES Kerala Legislative Assembly